"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്-വാതിൽപ്പടി സേവനം പദ്ധതി - സാമ്പത്തിക കാര്യ മാർഗ്ഗരേഖ തയ്യാറാക്കൽ – സമിതിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1685/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/09/2021

---

പരാമർശം:- 1.30/05/2021-ലെ സ.ഉ(സാധാ)നം.1066/2021/തസ്വഭവ നം. സർക്കാർ ഉത്തരവ്.

2.24/08/2021 ലെ സ.ഉ(സാധാ)നം.1607/2021/തസ്വഭവ നം. സർക്കാർ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 11.08.2021-ലെ PAN/1125/2021-J8(DP) നം കത്ത്

4. നഗരകാര്യ ഡയറക്ടറുടെ 02.09.2021 – ലെ G2/10127/2021 നം കത്ത്

<u>ഉത്തരവ്</u>

പരാമർശങ്ങളിലെ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവനം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക വിഷയങ്ങൾ സംബന്ധിച്ച് സമഗ്രമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിൽ ഉൾപ്പെടുന്ന സാമ്പത്തിക വിഷയങ്ങൾ വിശദമായി പഠിച്ച് കരട് മാർ ഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായ ഒരു സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

i) ശ്രീ . ബിന്ദുൻ വാഹീദ് , ജോയിന്റ് ഡയറക്ടർ (ഭരണം) , പഞ്ചായത്ത് ഡയറക്ടറേറ്റ്

ii) ശ്രീ . പ്രശാന്ത് കുമാർ , എ.ഡി.പി, തിരുവനന്തപുരം

iii) ശ്രീ . ശ്രീകുമാർ എ.എൽ , ഫിനാൻസ് ഓഫീസർ , നഗരകാര്യ ഡയറക്ടറേറ്റ്

ധനസമാഹരണം, വിനിയോഗം, അക്കൗണ്ട് ചെയ്യേണ്ട വിധം, അക്ഷയ കേന്ദ്രങ്ങൾക്ക് നൽകേണ്ട ഫീസ്, അത് ഒടുക്കേണ്ടുന്ന വിധം, ജീവൻ രക്ഷാമരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ, പദ്ധതി നടത്തിപ്പിനാവശ്യമായതും അക്ഷയകേന്ദ്രങ്ങളിൽ കുറവുള്ളതുമായ Tab, Finger Print Devices എന്നിവ വാങ്ങുന്നതിന്റെ നടപടി ക്രമങ്ങൾ, പദ്ധതി നടത്തിപ്പിലെ സുതാര്യത ഉറപ്പു വരുത്തുവാനുള്ള മാർഗ്ഗങ്ങൾ എന്നിവയെല്ലാം അടങ്ങിയതും, നിലവിലെ

മാർഗ്ഗനിർദ്ദേശങ്ങളൾക്കനുസൃതമായ സമഗ്രമായ ഒരു മാർഗ്ഗ രേഖയുടെ കരടിന് ഒരാഴ്ചക്കകം രൂപം നൽകി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. സമിതി നടപടികളുടെ ഏകോപന ചുമതല പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ . ബിനു വാഹീദ് നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ഡയറക്ടർ, സാമൂഹികസന്നദ്ധ സേന

ഡയറക്ടർ, അക്ഷയ

സി.ഇ.ഒ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, IKM

ഡയറക്ടർ ജനറൽ, കില

ഡയറക്ടർ, പൊതുജന സമ്പർക്ക വകുപ്പ്

സമിതി അംഗങ്ങൾക്ക് ( പഞ്ചായത്ത് , നഗരകാര്യ ഡയറക്ടർമാർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

വെബ് &ന്യൂമീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ